(ബി) അഞ്ചുവർഷംകൊണ്ട് പതിനഞ്ചു ലക്ഷം പേർക്ക് തൊഴിൽ നൽകുക എന്ന സർക്കാർ നയം നടപ്പിലാക്കുന്നതിനനുയോജ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച തൊഴിൽ നയത്തിന്റെ പ്രധാന ലക്ഷ്യം പൊതുമേഖലയേയും സ്വകാര്യമേഖലയേയും ഗണ്യമായി ആകർഷിച്ച് നിരവധി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിൽ ത്വരിതഗതിയിലുള്ള വ്യവസായ വളർച്ചയ്ക്കു അനുസൃതമായ അന്തരീക്ഷം ഒരു ക്കുകയെന്നുള്ളതുമാണ്. തൊഴിൽ നയത്തിന്റ ഭാഗമായി നിക്ഷേപകരെ ആകർഷി ക്കുന്നതിനും തദ്വാര തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി തൊഴിൽ സംരംഭകർക്ക് സ്വയം തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിന് അവകാശം ലഭിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

പ്രൊഫഷണൽ യോഗ്യത നേടിയ തൊഴിൽരഹിതർ

22 [2672] ശ്രീ. പി. ജെ. ജോയി:
,, എഴുകോൺ നാരായണൻ:
,, കെ. അച്ചുതൻ:
,, ടി. എൻ. പ്രതാപൻ:

ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ യോഗ്യത സമ്പാദിച്ച എത്ര പേർ തൊഴിലില്ലാതെ നിൽക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; ഇവർക്ക് തൊഴിൽ നൽകുവാൻ എന്തെല്ലാം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) സംസ്ഥാനത്ത് പ്രൊഫഷണൽ യോഗ്യത നേടിയവർക്ക് സ്വയം തൊഴിലിനുള്ള സാദ്ധ്യത എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-6-2003 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് പ്രൊഫഷ ണൽ യോഗ്യതയുള്ള 56849 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിൽദായകൻ അറിയിക്കുന്ന ഒഴിവുകൾക്ക് യോഗ്യ രായ ഉദ്യോഗാർത്ഥികളെ അയച്ചുകൊടുക്കുന്നുണ്ട്. 2002-ൽ 1299 പേർക്കും, 2003-ൽ 978 പേർക്കും നിയമനം ലഭിക്കുകയുണ്ടായി.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടപ്പിലാക്കുന്ന 'കെസ്റു' സ്വയം തൊഴിൽപദ്ധതി വഴി പ്രൊഫഷണൽ യോഗ്യതയുള്ളവർക്കും സ്വയം തൊഴിലിനു സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly